## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6224 — അന്തിമ മറുപടി

### ഗ്രാമസഭകളുടെ പ്രവർത്തനക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി: | ഡോ.എം.കെ.മുനീർ<br>(ബഹു:പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) വ്യക്തിഗത ആനുകൂല്യങ്ങൾ പരിശോധിച്ച് നൽകേണ്ടത് ഗ്രാമസഭകളിലൂടെയുള്ള തീരുമാന പ്രകാരമാണോയെന്ന് വ്യക്തമാക്കുമോ; | (എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 3 (എ) വകുപ്പിൽ ഗ്രാമസഭകളുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡം അനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി അംഗീകരിക്കേണ്ടത് ഗ്രാമസഭയുടെ ചുമതലയാണ്.<br><br>3എ(9) പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷംഗ്രാമപഞ്ചായത്ത്തയ്യാറാക്കി നൽകുന്ന അതത് ഗ്രാമസഭാ പ്രദേശത്തുള്ള അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് അപേക്ഷകരെ കൂടി ക്ഷണിച്ചു കൊണ്ടുള്ള യോഗത്തിൽ വച്ച് ഗ്രാമസഭ സൂക്ഷ്മ പരിശോധന നടത്തേണ്ടതും മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന് അയയ്ക്കേണ്ടതാണ്. ഗ്രാമസഭ അംഗീകരിക്കുന്നലിസ്റ്റിലെ മുൻഗണനാക്രമത്തിന് ഗ്രാമപഞ്ചായത്ത് മാറ്റം വരുത്താൻ പാടില്ലാത്തതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | 2011 വർഷത്തിൽ യഥാസമയം ഗ്രാമസഭകൾ വിളിച്ച് ചേർക്കാനോ, ചേരാനോ കഴിയാതെവന്ന എത്ര ഗ്രാമപഞ്ചായത്ത് വാർഡുകൾ സംസ്ഥാനത്തുണ്ടെന്ന് വിശദമാക്കുമോ; | (ബി) | 2011 വർഷത്തിൽ യഥാസമയം ഗ്രാമസഭകൾ വിളിച്ചു ചേർക്കാൻ കഴിയാതെ വന്ന 124 ഗ്രാമ പഞ്ചായത്ത് വാർഡുകൾ സംസ്ഥാനത്തുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br><br>ആലപ്പുഴ ജില്ല - 51 വാർഡുകൾ<br>പാലക്കാട് ജില്ല - 31 വാർഡുകൾ<br>തൃശൂർ ജില്ല - 21 വാർഡുകൾ<br>കോഴിക്കോട് ജില്ല- 18 വാർഡുകൾ<br>കണ്ണൂർ ജില്ല - 3 വാർഡുകൾ |
| (സി) | ഗ്രാമസഭകൾ യഥാസമയം ചേരുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഗ്രാമസഭകൾ കുറഞ്ഞപക്ഷം 3 മാസത്തിലൊരിക്കൽ നിർബന്ധമായും യോഗം ചേരേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമസഭകൾ യഥാസമയം ചേരുന്നതിനും ഗ്രാമസഭകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ